41

# വാതിൽ അടക്കുന്നവർ

## (15:1- 31)

ഞാൻ കാറോടിച്ചു കൊണ്ടിരുന്നപ്പോൾ, എത്തിച്ചേരേണ്ട സ്ഥലത്തെക്കുറിച്ചു ചിന്തിച്ചിരുന്നതു കൊണ്ട് സ്ഥലകാലബോധം ശ്രദ്ധിക്കാതെ, എന്റെ കാറിന്റെ - മുൻഭാഗം - എന്തിലോ ഇടിച്ച് ഞാൻ സീറ്റിൽ നിന്ന് പൊങ്ങി എന്റെ തല കാറിന്റെ മുകൾഭാഗത്ത് തട്ടി. എന്റെ ചിന്ത ശരിയായപ്പോൾ, ഞാൻ ഒരു സ്കൂളിന്റെ മുൻപിൽ ആണെന്നും സ്കൂൾ അധികാരികൾ സ്കൂളിന്റെ മുൻപിൽ വാഹനങ്ങൾ സ്പീഡ് കുറക്കുവാൻ ഒരു ബംബ്[1] റോഡിൽ ഉണ്ടാക്കിയിട്ടുണ്ടെന്നും അതു കുട്ടികളുടെ സുരക്ഷക്കാണെന്നും മനസിലായി.[2] പ്രവൃത്തികളുടെ പുസ്തകം വായിച്ച് 15-ാം അദ്ധ്യായത്തിൽ എത്തുമ്പോൾ അനുഭവപ്പെടുന്നത് എന്റെ കാർ സ്പീഡ് ബംബിൽ തട്ടിയതുപോലെയാണ്. പൗലൊസ് തന്റെ മിഷണറി യാത്രക്ക് ഒരുങ്ങുകയായിരുന്നു. എന്റെ മനസിൽ, പൗലൊസ് വിദേശത്ത് പുതിയസ്ഥലത്തു സുവിശേഷം പങ്കിടുവാൻ പോകുന്നതാണ്. പകരം - ബംബ് - വലിയ അലർച്ചയോടെ ലൂക്കൊസ് സഭയുടെ ബഹളത്തെയാണ് പറയുന്നത്, ഒരു വഴക്കുമായി എനിക്കു യാതൊരു ബന്ധവുമില്ല (ഞാൻ വിചാരിച്ചു).

വർഷങ്ങൾ കടന്നുപോയി, പ്രവൃത്തികൾ 15 നെക്കുറിച്ചുള്ള എന്റെ വിലയിരുത്തൽ പുനരവലോകനം ചെയ്തു. ആ അദ്ധ്യായത്തിലെ ആദ്യഭാഗം *വളരെ* പ്രധാനമാണ് - ലൂക്കൊസ് അതിന് നീക്കിവെച്ച സമർപ്പണ സ്ഥലം അതു തെളിയിക്കുന്നു. ആ കുഴപ്പം പരിഹരിച്ചില്ലായിരുന്നെങ്കിൽ, പിന്നെ ഒരു മിഷണറിയാത്ര ഉണ്ടാകുമായിരുന്നില്ല! ഇപ്പോൾ ആ പ്രശ്നത്തിലെ എല്ലാം എന്നെയും എന്റെ രക്ഷയെയും ബാധിക്കുന്നതാണെന്ന് ഇപ്പോൾ - എനിക്കു മനസിലായി. എന്റെ ആയുഷ്ക്കാലത്തിൽ സഭയെ ഇളക്കിമറിച്ച പല പ്രശ്നങ്ങളും ഞാൻ കണ്ടിട്ടുണ്ട്, എന്നാൽ അവയെല്ലാം പ്രവൃത്തികൾ 15 ലെ പ്രശ്നം നോക്കിയാൽ മങ്ങി അപ്രധാനമായി തോന്നും.

14-ാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് ബർന്നബാസും പൗലൊസും പൂർണ്ണ ആവേശത്തോടെ ഒന്നാമത്തെ യാത്ര കഴിഞ്ഞു

മടങ്ങിവന്നു. വളരെ താല്പര്യത്തോടെ, കർത്താവ് എങ്ങനെ "ജാതികൾക്കു വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുത്തു" എന്നവർ വിവരിച്ചു (14:27) - ജാതികളുടെ ഇടവകകൾ[3] പിസിദ്യയിലെ അന്ത്യോക്ക്യയിലും, ഇക്കോന്യയിലും, ലുസ്ത്രയിലും, ദർബ്ബെയിലും ആരംഭിച്ചതും (14:20, 21, 23)[4] അനേകം ജാതികൾ ക്രിസ്ത്യാനികളായതും (14:1, 21)! ദൂരസ്ഥന്മാരായിരുന്ന ജാതികൾ സുവിശേഷം സ്വീകരിച്ചു എന്നു പൗലൊസും ബർന്നബാസും വിവരിച്ചു! നഷ്ടപ്പെട്ട ഒരു ലോകം കാത്തിരുന്നു; വളരെ വിശാലമായ ആത്മാക്കളുടെ കൊയ്ത്തായിരുന്നു ഫലം! തീർച്ചയായും എല്ലാ ക്രിസ്ത്യാനികളും സന്തോഷിക്കും! "ജാതികൾക്കു കർത്താവു വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുത്തത്" എല്ലാവർക്കും സന്തോഷമുണ്ടായില്ല. അധികസമയം കഴിയാതെ പുരുഷന്മാർ അന്ത്യോക്ക്യയിലെത്തി ആ വാതിൽ ഉറക്കെ[5] അടക്കുവാൻ തീരുമാനിച്ചു. ഈ പാഠത്തിൽ, നാം പ്രവൃത്തികൾ 15-ാം അദ്ധ്യായത്തിലെ വാതിലുകൾ അടക്കുന്നവരെയും - ഇന്നു വാതിലടക്കുന്ന - ചിലരെയും നാം തുറന്നുകാണിക്കുകയാണ്.

നാം നമ്മുടെ വേദഭാഗത്തിലേക്കു കടക്കുന്നതിനു മുൻപ്, ഈ വിവാദത്തെക്കുറിച്ച് മറ്റൊരു വിവരണം ഗലാത്യ പുസ്തകത്തിൽ കണ്ടേക്കാം എന്നുപറയട്ടേ. പണ്ഡിതന്മാരുടെ പാരമ്പര്യകാഴ്ച്ചപ്പാട് ഗലാത്യർ 2:1-10 പറയുന്ന ഓരോ സംഭവമാണ് പ്രവൃത്തികൾ 15:1-35[6] വരെ എന്നത്. ഒരു എഴുത്തുകാരൻ ഇപ്രകാരം പറഞ്ഞു, "രണ്ടു സംഭവങ്ങളിലും ഒരേ ആളുകൾ ഒരേ സമയത്ത്, ഒരേ വസ്തുവിനു വേണ്ടി പോകുന്നു, ഒരേ എതിർപ്പുകാരുടെ ഇടപെടലിന്റെ ഫലമായി, ഒരേ ഫലവുമുണ്ടാകുന്നു."[7] രണ്ടു വിവരണങ്ങളും നരിപ്പിലെത്തിക്കുവാൻ ചില ബുദ്ധിമുട്ടുകൾ അടങ്ങുന്നുണ്ട്,[8] ബുദ്ധിമുട്ടുണ്ടാകുന്നത് പൗലൊസിന്റെ ജീവിതത്തിൽ ഗലാത്യർ 2-ൽ സംഭവത്തിൽ പൗലൊസിനെ എവിടെ നിർത്തുന്നു എന്നു കണക്കാക്കാതെ - രണ്ടു വിവരണങ്ങളിലും ഒരേ സംഭവമാകകൊണ്ട്, ഒരേ സംഭവമല്ലെങ്കിൽ, പ്രവൃത്തികൾ 15-ലെ[9] നമ്മുടെ പഠനത്തിൽ ഗലാത്യർ 2-ൽ കുറെ വിശദീകരണം നാം ഉൾപ്പെടുത്തും.

## ഇന്നലെ വാതിൽ - അടച്ചവർ

### ഏറ്റുമുട്ടൽ (15:1-3)

പൗലൊസിന്റെയും ബർന്നബാസിന്റെയും ഒന്നാമത്തെ യാത്രക്കു ശേഷം "വളരെകാലം" അവർ അന്ത്യോക്ക്യയിൽ പ്രവർത്തിച്ചു (14:28). അവർ ചെയ്ത പ്രവൃത്തികളെക്കുറിച്ചുള്ള വിവരം യെരുശലേമിൽ എത്തിയ[10]പ്പോൾ - ചില യെഹൂദന്മാർക്കു ഇതു സഹിച്ചില്ല. ജാതികളോടു സുവിശേഷം അറിയിക്കാമോ എന്ന ചോദ്യം ഏതാണ്ട് പത്തു വർഷം മുൻപു പത്രൊസ് കൊർന്നെല്യോസിന്റെ ഭവനത്തെ പരിവർത്തനം ചെയ്തപ്പോൾ ഉയർന്നതും; സ്പഷ്ടമായി ആസമയത്തുതന്നെ പരിഹരിച്ചതുമാണ് (11:1-18). പിന്നെ സുറിയയിലെ അന്ത്യോക്ക്യയിൽ ജാതികൾ കൂടുതലുള്ള ഇടവക ആരംഭിച്ചു, യെരുശലേം സഭ ബർന്നബാസിനെ അയച്ചു അതിനെ സഹായിക്കുകയും ചെയ്തു (11:20-22) - ഒരർത്ഥ

ത്തിൽ, ആ പ്രവർത്തനം ഒരനുഗ്രഹമായിരുന്നു.

എങ്ങനെയായാലും, പൗലൊസിന്റേയും ബർന്നബാസിന്റേയും പരിശ്രമങ്ങൾ, പഴയ ഭീതി ഉണർത്തി യെഹൂദന്മാരേക്കാൾ കൂടുതൽ ജാതികളാണ് സുവിശേഷം സ്വീകരിക്കാൻ പ്രതികരിച്ചവർ – ലോകത്തിലെ ഓരോ യെഹൂദനും, ആയിരക്കണക്കിനു ജാതികൾ ഉണ്ടായിരുന്നു. ജാതികൾ സഭ നടത്തുന്നത് അനേകർക്കു കാണാൻ കഴിഞ്ഞു – ജാതികൾ അവരുടെ പഴയആചാരങ്ങൾ, വിഗ്രഹത്തിൽ മനസുവെച്ചവർ അവരുടെ വിഗ്രഹപരിശീലനങ്ങൾ – അവർമരിക്കുമെന്ന ഭീതിക്കും സാദ്ധ്യതയേറി![11] പൂർണ്ണമായ കൂട്ടായ്മയിലേക്ക് അംഗീകരിക്കുന്നതിന് മുമ്പായി ജാതികളെ പഠിപ്പിച്ചു ഉറപ്പിക്കേണം പരിഷ്ക്കരിക്കയും[12] വേണമെന്ന് അവർ വിചാരിച്ചു.

ചിലർക്കു, പരിഹാരം വ്യക്തമായിരുന്നു: ജാതികൾക്ക് എല്ലായിപ്പോഴും ആവശ്യമുള്ളതാണ്: അവർക്ക് ആവശ്യം; അവർക്ക് യെഹൂദന്മാരാകണം! മോശെയുടെ ന്യായപ്രമാണത്താൽ ജാതികളുടെ പരുപരുത്ത പ്രതലം മിനുസപ്പെടുത്തി അങ്ങനെ യോജിപ്പിച്ചാൽ, ന്യായപ്രമാണം – അനുസരിച്ച യെഹൂദ ക്രിസ്ത്യാനികൾക്കു അവരെ അങ്ങനെ ഉൾക്കൊള്ളാമെന്ന് ആയി (കൊർന്നെല്യോസിന്റെ പരിവർത്തനസമയത്ത് ചിലർക്കുണ്ടായ അസഹ്യത എനിക്ക് ഊഹിക്കാൻ കഴിയും [11:2, 3], "പരിച്ഛേദന എല്ക്കാത്ത ജാതികളെ സ്വീകരിക്കുന്നതുകൊണ്ട് ഒരു ഗുണവുമില്ല എന്നു ഞങ്ങൾ *പറഞ്ഞതാണ്*. ഇപ്പോൾ അത്യാഹിതം വരുത്തിയിരിക്കുന്നു!").

യെഹൂദന്മാർ "കുഴപ്പം" വരുത്തിക്കേണ്ട സ്ഥാനം ജാതികളുടെ സുവിശേഷകേന്ദ്രമായ അന്ത്യോക്ക്യ ഇടവകയാണ്. അവിടെ നിന്നാണ് അവർ പൗലൊസിന്റെയും ബർന്നബാസിന്റെയും അയച്ചത്. നാം വായിക്കുന്നു, "യെഹൂദ്യയിൽ നിന്നു ചിലർ വന്നു; നിങ്ങൾ മോശെ കല്പിച്ച ആചാരം അനുസരിച്ചു പരിച്ഛേദന ഏല്ക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ കഴികയില്ല എന്നു സഹോദരന്മാരെ ഉപദേശിച്ചു" (15:1).

ആരാണ് വന്നതെന്നു ശ്രദ്ധിക്കുക: "ചില പുരുഷന്മാർ ... യെഹൂദ്യയിൽ നിന്ന്" – പ്രത്യേകിച്ചു യെരുശലേമിൽ നിന്നുള്ള പുരുഷന്മാർ (വാക്യങ്ങൾ 2–4). ഇവരായിരിക്കണം ഒരു പക്ഷേ 5–ാം വാക്യത്തിൽ തിരിച്ചറിയുന്നവർ "എന്നാൽ പരീശ പക്ഷത്തു നിന്നു വിശ്വസിച്ചവർ ചിലർ"[13] പൗലൊസ് ഒഴിച്ച് മറ്റു പരീശന്മാർ ക്രിസ്ത്യനികളായത് ആദ്യമായിട്ടാണ് ഇവിടെ പറയുന്നത്.[14] അവർ ക്രിസ്ത്യാനികളായി തീർന്നതിൽ നമുക്കു അതിശയം തോന്നാം; എന്നാൽ "ഒരു സുപ്രധാന ചോദ്യത്തിനുമുന്നിൽ അവർ തെറ്റായ വശത്തു നില്ക്കുന്നതു കാണുമ്പോൾ" നാം അതിശയിക്കയില്ല.[15] പരീശന്മാരുടെ മതപരമായ പശ്ചാത്തലം നോക്കിയാൽ,[16] എല്ലാപേരും ന്യായപ്രമാണം – അനുസരിക്കണം – എന്ന കർശന നായകന്മാരാണെന്നു കാണാം. അവർ അന്ത്യോക്ക്യയിൽ വന്നപ്പോൾ, അവർ യെരുശലേം സഭയുടെ ഔദ്യോഗീക ഭാരവാഹികളാണെന്ന് അവകശപ്പെട്ടു (വാക്യം 24). അതെന്തായാലും, അവർ യെരുശലേമിൽ നിന്നുള്ളവരായിരുന്നു (പന്തിരുവരുടെ പ്രവർത്തനം തുടങ്ങിയ സ്ഥലമാണതിപ്പോഴും[17]) അതുകൊണ്ട് അവരുടെ വാക്കിനു വില

യുണ്ടായിരുന്നു.

അടുത്തത്, അവർ പഠിപ്പിച്ചത് ശ്രദ്ധിക്കുക: "മോശെയുടെ പ്രമാണം അനുസരിച്ച് നിങ്ങൾ പരിച്ഛേദന കഴിച്ചാലേ രക്ഷിക്കപ്പെടുകയുള്ളൂ." രണ്ടായിരം വർഷങ്ങൾക്കു മുൻപ് ദൈവം അബ്രഹാമുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ അടയാളമായിരുന്നു പരിഛേദന (ഉല്പത്തി 17:10–14, 23–27). എങ്ങനെയായാലും, യെരുശലേമിൽ നിന്നു വന്ന പുരുഷന്മാർ പരിഛേദന അബ്രഹാമുമായി ബന്ധിപ്പിക്കുന്നതല്ല ചെയ്തത്; മറിച്ച് അബ്രഹാമിനു കൊടുത്ത ഉടമ്പടിക്ക് അഞ്ഞൂറു വർഷങ്ങൾക്കു ശേഷം *മോശെ* മുഖാന്തരം കൊടുത്ത ന്യായപ്രമാണവുമായി ബന്ധിപ്പിക്കയാണ് ചെയ്തത്. അവർ ജാതികളെ വെറുതെ പരിഛേദന കഴിപ്പിക്കുവാനല്ല[18] ഉദ്ധേശിച്ചത്. അവർ ജാതികളെ യെഹൂദമതത്തിലേക്ക് ചേർക്കുകയും എല്ലാ നിയമത്തിനും കീഴിലാക്കാനും, അഞ്ചാം വാക്യം വായിക്കുന്നത്, "പരിപക്ഷത്തിൽ നിന്നു വിശ്വസിച്ചവർ ചിലർ എഴുന്നേറ്റു അവരെ പരിച്ഛേദന കഴിപ്പിക്കയും മോശെയുടെ ന്യായപ്രമാണം ആചരിപ്പാൻ കല്പ്പിക്കയും വേണം എന്നു പറഞ്ഞു" (എംഫസിസ് മൈൻ).

ജാതികൾ ന്യായപ്രമാണം പഠിച്ചാൽ *നല്ലതാണെന്ന*ല്ല ആ പുരുഷന്മാർ പറഞ്ഞത്;[19] ന്യായപ്രമാണം അനുസരിക്കുന്നതിന്റെ *വിലയെക്കുറിച്ചു* തർക്കിക്കയുമായിരുന്നില്ല; മറിച്ച്, ഒരു യെഹൂദനായി തീരേണ്ടതിന്റെ ആവശ്യകത ഊന്നിപറയുകയായിരുന്നു "മോശെ കല്പ്പിച്ച ആചാരം അനുസരിച്ചു പരിഛേദന ഏല്ക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ കഴികയില്ല."[20] ഒരു അഭിപ്രായത്തിനു വേണ്ടി പരിഛേദന ഏല്ക്കണമെന്നു പറഞ്ഞാൽ, കുറെ ജാതികൾ പരിഛേദന ഏല്ക്കും എന്നവർക്കറിയാം.[21] അതുകൊണ്ട്, പരിഛേദന രക്ഷക്കു ഒഴിച്ചുകൂടാനാവാത്തതെന്ന് അവർ പഠിപ്പിച്ചു!

പൗലൊസും ബർന്നബാസും അവരുടെ ഉപദേശം കണ്ടറിഞ്ഞു: അവർ ജാതികളുടെ ഇടയിൽ ചെയ്ത പ്രവൃത്തികളുടെ മേൽ നേരിട്ടുള്ള അക്രമണമായിരുന്നു – പ്രത്യേകിച്ച്, ജാതികൾ യെഹൂദമതാനുസാരികളാകാതെ യേശുവിലുള്ള വിശ്വാസം സ്വീകരിക്കുന്ന പരിശീലനത്തെയാണ് അവർ അക്രമിച്ചത്. അതു തെറ്റാണെന്ന് ആ രണ്ടു മിഷണറിമാരും അറിഞ്ഞു. ആ ദുരുപദേശത്തിന്റെ ദൂരവ്യാപകഫലത്തെയും അവർ തിരിച്ചറിഞ്ഞു: ഈ ഉപദേശം സ്വീകരിച്ചാൽ, ക്രിസ്ത്യാനിത്വം യെഹൂദമതത്തിന്റെ പുതിയ – പരിഷ്ക്കരിച്ച – പതിപ്പല്ലാതെ മറ്റൊന്നാകയില്ല. ജാതികൾക്കു ദൈവം വിശ്വാസവാതിൽ തുറന്നുകൊടുത്തു, യെരുശലേമിൽ നിന്നു വന്നവർ ന്യായപ്രമാണ *വാതിൽ* തുറന്നുകൊണ്ട് അതിനെ അടക്കുവാൻ തീരുമാനിച്ചു പറഞ്ഞു, "നിങ്ങൾ ഒരു ക്രിസ്ത്യാനിയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ഈ വാതിലിൽകൂടെ ആദ്യം ഒരു യെഹൂദനാകണം." പൗലൊസും ബർന്നബാസും സ്ഥാപിച്ച സഭകളിൽ ഇതു പകർച്ചവ്യാധിപോലെ പകരുമെന്ന് അവർ മനസിലാക്കി. അതൊരു മതനിന്ദയാകും അതിനെ *തടയണം.* അതുകൊണ്ടു, നാം വായിക്കുന്നതു "പൗലൊസിനും ബർന്നബാസിനും അവരോട് അല്പമല്ലാത്ത വാദവും തർക്കവും ഉണ്ടായി" (വാക്യം 2).[22]

ഗലാത്യർ 2:1–10 വരെ പറയുന്നതെല്ലാം അതേ സന്ദർഭമാണെങ്കിൽ,

പൗലൊസ് പറഞ്ഞ അന്ത്യോക്ക്യയിലേക്കു വന്നവർ "അതോ നുഴഞ്ഞു വന്ന കള്ളസഹോദരന്മാർ നിമിത്തം ആയിരുന്നു, അവർ നമ്മെ രക്ഷപ്പെടുത്തേണ്ടതിനു[23] ക്രിസ്തുയേശുവിൽ നമുക്കുള്ള സ്വാതന്ത്ര്യം ഒറ്റുനോക്കുവാൻ നുഴഞ്ഞു വന്നിരുന്നു" (ഗലാത്യർ 2:4). "*സ്വാതന്ത്ര്യം*" എന്നതും "*അടിമത്വം*" എന്നതും തമ്മിലുള്ള വൈവിധ്യത നോക്കുക. "ക്രിസ്തുയേശുവിൽ നമുക്കുള്ള സ്വാതന്ത്ര്യം," "നമ്മെ അടിമപ്പെടുത്തുന്നതിന്" പൗലൊസും ബർന്നബാസും ജാതികൾക്കു സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു; യെഹൂദ ഉപദേഷ്ടാക്കന്മാർ (അല്ലെങ്കിൽ, യെഹൂദമതക്കാർ എന്നാണ് അവർ അറിയപ്പെട്ടത്) ന്യായപ്രമാണത്തിന്റെ അടിമത്വത്തിലേക്ക് അവരെ കൊണ്ടുപോകാൻ ശ്രമിച്ചു.

ദുരുപദേഷ്ടാക്കളെ എതിർത്തുകൊണ്ട്, പൗലൊസ് ദൈവശ്വാസിയ അപ്പൊസ്തലനായി സംസാരിച്ചു: അവർ ഈ പ്രശ്നം പരിഹരിക്കണം.[24] പൗലൊസ്, ആദ്യത്തെ പന്തിരുവരിൽ ഉൾപ്പെടാത്തതുകൊണ്ട്, എങ്ങനെയായാലും, മറ്റു അപ്പൊസ്തലന്മാരുടെ വാക്കുകളെപ്പോലെ പൗലൊസിന്റെ വാക്കുകൾ സ്വീകരിക്കാൻ ചില ക്രിസ്ത്യാനികൾ തയ്യാറായില്ല.[25] അന്ത്യോക്ക്യയിൽ പൗലൊസ്, സ്വന്ത ദേശത്ത് - പ്രവാചകന് - എന്ന അവസ്ഥയും നേരിട്ടിരിക്കാനിടയുണ്ട് (യോഹന്നാൻ 4:44). അവരുടെ വിചാരം എന്തായിരുന്നാലും, അന്ത്യോക്ക്യയിലെ സഹോദരങ്ങൾ തീരുമാനിച്ചതു "പൗലൊസും ബർന്നബാസും മറ്റു ചിലരും ഈ തർക്കസംഗതിയെപ്പറ്റി യെരുശലേമിൽ അപ്പൊസ്തലന്മാരുടേയും മൂപ്പന്മാരുടേയും അടുക്കൽ പോകേണം" എന്നാണ് (പ്രവൃത്തികൾ 15:2). ആ "മറ്റുചിലരിൽ" ഒരു പക്ഷേ യുവായിരുന്ന തിത്തൊവും ഉണ്ടായിരുന്നേക്കാം (ഗലാത്യർ 2:3).[26]

### സമ്മേളനം (15:4-21)

അവർ യെരുശലേമിൽ എത്തിയാറെ, "സഭയും അപ്പൊസ്തലന്മാരും മൂപ്പന്മാരും അവരെ കൈക്കൊണ്ടു, ദൈവം തങ്ങൾക്കു കൂടെ ഇരുന്നു ചെയ്തതൊക്കെയും അവർ അറിയിച്ചു" (15:4). "ദൈവം തങ്ങളോടുകൂടെ ഇരുന്നു ചെയ്തതെല്ലാം" പൗലൊസും ബർന്നബാസും മുൻപ് അന്ത്യോക്ക്യയിലെ സഭയിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ വിവരിച്ചു പറഞ്ഞു (14:27). "ദൈവം... തങ്ങളോടു കൂടെ ഇരുന്നു ചെയ്തതെല്ലാം" ദൈവത്തെ മഹത്വപ്പെടുത്തുവാൻ മാത്രമായിരുന്നില്ല, ജാതികളുടെ ഇടയിലെ തങ്ങളുടെ ദൗത്യത്തെ ദൈവം *അംഗീകരിച്ചു* എന്നു കാണിക്കുന്നതിനുമായിരുന്നു.

അധികനാൾ കഴിയുംമുമ്പ് "പരീശപക്ഷത്തിൽ നിന്നു വിശ്വസിച്ചവർ ചിലർ എഴുന്നേറ്റു അവരെ പരിച്ഛേദന [ജാതികളെ] കഴിപ്പിക്കയും മോശെയുടെ ന്യായപ്രമാണം ആചരിപ്പാൻ കല്പിക്കയും വേണം എന്നു പറഞ്ഞു" (വാക്യം 5). ഗലാത്യലേഖനത്തിൽ പറയുന്നതു ഒരേ യാത്രയാണെങ്കിൽ, അവർ ഒരു ജാതിയിൽ നിന്നു വന്ന ക്രിസ്ത്യാനിയായ തിത്തൊസിനെ, പരിച്ഛേദന കഴിപ്പാൻ അവർ നിർബന്ധിച്ചു കാണും - അവരുടെ യോഗങ്ങളിൽ ഇരിക്കുവാനുള്ള ഒരാവശ്യമായി പോലും അവർ പറഞ്ഞിരുന്നേക്കാം - എന്നാൽ പൗലൊസ് അതു ചെവിക്കൊണ്ടില്ല

(ഗലാത്യർ 2:3).

പ്രശ്നങ്ങൾ വ്യക്തമായിരുന്നു; അവർ രേഖവരച്ചിരുന്നു. തുടരെ നടന്ന യോഗങ്ങളിലെ ചർച്ചാ വിഷയങ്ങൾ വിശദമായി നമുക്ക് അടുത്ത പാഠത്തിൽ പഠിക്കാം. ഈ അവതരണത്തിന്റെ ഉദ്ദേശം, നല്കിയ ഒരു പ്രസംഗത്തിൽ ശ്രദ്ധിക്കുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. പ്രവൃത്തികൾ 15:6 പറഞ്ഞു "ഈ സംഗതിയെക്കുറിച്ചു വിചാരിപ്പാൻ അപ്പൊസ്തല ന്മാരും മൂപ്പന്മാരും ഒന്നുകൂടി" അതൊരു "സഭ മുഴുവനുംകൂടിയ" പര സ്യയോഗമായിരുന്നു (വാക്യം 22). "വളരെ തർക്കം ഉണ്ടായ ശേഷം പത്രൊസ് എഴുന്നേറ്റു അവരോടു പറഞ്ഞതു" (വാക്യം 7) പത്രൊസ് പാലസ്തീനിൽ വളർന്ന യെഹൂദൻ ആയതുകൊണ്ട്, തങ്ങളോട് അനു ഭാവം ഉണ്ടായിരിക്കുമെന്നാണ് യെഹൂദ ഉപദേഷ്ടാക്കൾ വിചാരിച്ചത്. അവൻ പൗലൊസിനേയും ബർന്നബാസിനേയും അനുകൂലിച്ചു സംസാ രിച്ച് കേട്ടപ്പോൾ അവർ അതിശയിച്ചു കാണും. പത്രൊസിന്റെ പ്രസംഗം (വാക്യങ്ങൾ 7–11) തനിക്കു കൊർന്നെല്യോസിന്റെ ഭവനത്തിൽ ഉണ്ടായ അനുഭവങ്ങളെ ചുറ്റിപ്പറ്റിയായിരുന്നു (പ്രവൃത്തികൾ 10; 11:1–18) ആദ്യം തന്നെ പത്രൊസ് പറഞ്ഞതു ദൈവം അവനെ തിരഞ്ഞെടുത്ത് ജാതി കൾക്ക് രക്ഷയുടെ വാതിൽ തുറന്നു കൊടുക്കേണ്ടതിനായിരുന്നു എന്നാണ്,[27] ആ വാതിൽകൂടെ പ്രവേശിക്കുന്ന ജാതികൾ പരിച്ഛേദന ഏല്ക്കുവാനോ ന്യായപ്രമാണം ആചരിപ്പാനോ ദൈവം പറ*ഞ്ഞില്ല*. പത്രൊസിന്റെ വാദം ശക്തമായിരുന്നു:

(1) "ഹൃദയങ്ങളെ അറിയുന്ന, ദൈവം പരിശുദ്ധാത്മാവിനെ നല്കി ക്കൊണ്ട് സാക്ഷിനിന്നു ..." (വാക്യം 8).[28] ഇതു രണ്ടാം പ്രാവശ്യമാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവത്തെ "ഹൃദയങ്ങളെ – അറിയു ന്നവൻ" എന്നു പറഞ്ഞിരിക്കുന്നത് (1:24 നോക്കുക). ദൈവം പുറമെകാ ണുന്നതല്ല നോക്കുന്നത്, എന്നാൽ ഹൃദയത്തിലാണ് നോക്കുന്നത് (1 ശാമുവേൽ 16:7). യെഹൂദമതക്കാർ അഗ്രചർമ്മികളുടെ അമാനുഷ സ്വഭാവത്തെ കാണുവാൻ ശ്രമിച്ചു അവർ ദൈവരാജ്യത്തിനു അനുയോ ജ്യരല്ല എന്നു പറഞ്ഞു, എന്നാൽ ദൈവം അവരുടെ *ഹൃദയങ്ങളെ* നോക്കി അവർ യെഹൂദന്മാരെ പോലെ തന്നെ (കൂടുതലല്ലെങ്കിൽ) യോജി ച്ചവരാണെന്ന് പറഞ്ഞു!

(2) "വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ വിശുദ്ധീകരിച്ചതി നാൽ" ദൈവം യെഹൂദന്മാർക്കും ജാതികൾക്കും[29] തമ്മിൽ "ഒരു വ്യത്യാസവും വെച്ചിട്ടില്ല."(15:9) – അതു ക്രിസ്ത്യാനികളായിതീർന്ന യെഹൂ ദന്മാരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചതുപോലെ, അവർ പരിച്ഛേദന ഏറ്റ തുകൊണ്ടോ, ന്യായപ്രമാണം പാലിച്ചതുകൊണ്ടോ അല്ല, "വിശ്വാസ ത്താൽ," അതേ അവരുടെ ഹൃദയങ്ങളെ ശുദ്ധീകിച്ചത്. പത്രൊസ് കൊർന്നെല്യോസിനോടു പറഞ്ഞു, "... ദൈവം മുഖപക്ഷം കാണിക്കുന്ന വനല്ല" (10:34); പെന്തെക്കൊസ്തു നാളിൽ യെഹൂദന്മാർ വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യേണ്ടിയിരുന്നു (2:37, 38), അതുപോലെ തന്നെ കൊർന്നെല്യോസും ഭവനവും ചെയ്യേണ്ടിയിരിക്കുന്നു (10:43, 48).

(3) യെഹൂദമതക്കാർ ജാതികളെ പരിച്ഛേദന ഏല്പ്പാൻ ശ്രമിച്ച പ്പോൾ, അവർ "ദൈവത്തെ പരീക്ഷിക്കയാണ് ചെയ്തതു" (വാക്യം 10).

ന്യായപ്രമാണത്തെ – മുറുകെ പിടിക്കുന്നവർ പൗലൊസിനും ബർന്നബാസിനും വെല്ലുവിളി ഉയർത്തുന്നു എന്നാണ് അവർ വിചാരിച്ചത്. പരമാർത്ഥത്തിൽ ദൈവത്തിന്റെ ന്യായവിധിയെയും അവന്റെ ക്ഷമയെയും ചോദ്യം ചെയ്യുകയായിരുന്നു![30]

(4) ന്യായപ്രമാണം – ആചരിപ്പാൻ ജാതികളെ നിർബന്ധിച്ചതിനാൽ, അവർ "ഒരു നുകം ശിഷ്യന്മാരുടെ കഴുത്തിൽ വെപ്പാൻ ശ്രമിക്കയായിരുന്നു"[31] (വാക്യം 10). ന്യായപ്രമാണത്തെ സ്നേഹിക്കുന്ന, ആത്മാർത്ഥതയുള്ള ഏത് യെഹൂദനും അതു സമ്മതിക്കും (സങ്കീർത്തനങ്ങൾ 119:97), യെഹൂദൻ എല്ലായ്പ്പോഴും ന്യായപ്രമാണം പറയുന്നതു മുഴുവൻ ചെയ്യാൻ കഴിയാത്തവനാണ്.[32] അതുകൊണ്ട് ഓരോ ദിവസവും കുറ്റഭാരം അവനിൽ ഏറിവന്ന് ഒടുവിൽ തളർന്നുപോകും. പത്രൊസ് ചുരുക്കത്തിൽ ചോദിച്ചു, "എന്തിനാണ് നിങ്ങൾ ആത്മാവിനെ ഞെരുക്കുന്ന ഭാരം അവരുടെയും മേൽവെക്കുന്നത്?"

(5) പത്രൊസിന്റെ അവസാന വാക്കുകൾ അതിശക്തമായിരുന്നു: "കർത്താവായ യേശുവിന്റെ കൃപയാൽ രക്ഷ പ്രാപിക്കുമെന്ന്, നാം വിശ്വസിക്കുന്നതുപോലെ അവരും വിശ്വസിക്കുന്നു" (വാക്യം 11). "നാം കൃപയാലല്ലൊ രക്ഷപ്രാപിക്കുന്നതു" എന്നതു അടി വരയിടുക. നാം കൃപയാൽ രക്ഷ പ്രാപിക്കുന്നു – അനർഹമായ കർത്താവിന്റെ ഔദാര്യം – അതിനാൽ മാത്രമെ രക്ഷ പ്രാപിക്കാനൊക്കു! യെഹൂദന്മാർക്കു മോശെയുടെ ന്യായപ്രമാണം മുഴുവൻ അനുസരിക്കാൻ കഴിഞ്ഞില്ല, നിങ്ങൾക്കും എനിക്കും ഇന്ന് ഒരു നിയമവും പൂർണ്ണമായിട്ട് അനുസരിക്കാൻ സാദ്ധ്യമല്ല (റോമർ 3:23). നാം കൃപയാൽ രക്ഷിക്കപ്പെടുന്നില്ലെങ്കിൽ, നാം രക്ഷിക്കപ്പെടുന്നേ ഇല്ല. അസാധാരണ രീതിയിൽ പത്രൊസ് ഊന്നൽ കൊടുത്തത് യെഹൂദന്മാരും ജാതികളും ഒരേ പോലെ കൃപയാൽ രക്ഷിക്കപ്പെടുന്നു. "നമ്മെപ്പോലെ അവർ ദൈവകൃപയാലാണ് രക്ഷിക്കപ്പെട്ടതു" എന്ന് അവൻ പറയുമെന്നാണ് നാം പ്രതീക്ഷിക്കുക. പകരം അവൻ പറഞ്ഞു, "നാം കർത്താവായ യേശുവിന്റെ കൃപയാൽ രക്ഷിക്കപ്പെട്ടതുപോലെ തന്നെ അവരും രക്ഷിക്കപ്പെട്ടു." മറ്റൊരുവിധത്തിൽ, "കൃപയാൽ ജാതികളെ രക്ഷിപ്പാൻ ദൈവം കല്പിച്ചിരിക്കയാണ്, അല്ലാതെ ന്യായപ്രമാണം – ആചരിച്ചുകൊണ്ടല്ല, കൃപയാൽ തന്നെ രക്ഷിക്കപ്പെടുന്നു!"

പത്രൊസ് സംസാരിച്ച ശേഷം, പൗലൊസും ബർന്നബാസും തങ്ങളുടെ ശുശ്രൂഷയെ ദൈവം എങ്ങനെ അനുഗ്രഹിച്ചു എന്നു പറഞ്ഞു. അവസാനം, യാക്കൊബു പറഞ്ഞു – യാക്കൊബ്, യേശുവിന്റെ അർദ്ധസഹോദരനായിരുന്നു,[33] യെരുശലേം സഭയുടെ തൂണായിരുന്നു യാക്കൊബ് (ഗലാത്യർ 2:9). യഹൂദമതത്തിൽ ആരെങ്കിലും ചാമ്പ്യൻ ആയിട്ടുണ്ടെങ്കിൽ അതു യാക്കൊബ് ആണെന്ന് യെഹൂദ ഉപദേഷ്ടാക്കൾ വിചാരിച്ചിരുന്നു.[34] ഒരിക്കൽകൂടെ അവർ നിരാശയിലായി ദൈവത്തിന്റെ പദ്ധതിയിലും ഉദ്ദേശത്തിലും ജാതികളും ഉൾപ്പെട്ടിരുന്നു എന്ന് തിരുവെഴുത്തിൽ കൂടെ അവർക്കു യാക്കൊബ് കാണിച്ചുകൊടുത്തു. ജാതികൾ ആദ്യം യെഹൂദരാകണമെന്ന് ദൈവം പ്രവചിച്ചിരുന്നില്ല എന്നും പറഞ്ഞു.[35] യാക്കൊബ് പിന്നെ പറഞ്ഞു, "ആകയാൽ ജാതികളിൽ നിന്നു

ദൈവത്തിലേക്കു തിരിയുന്നവരെ നാം അസഹ്യപ്പെടുത്താതെ ഇരിക്കണം" (15:19). മറ്റൊരുവിധത്തിൽ: "ജാതികൾ ക്രിസ്ത്യാനികളാകുമ്പോൾ അവരെ പരിഛേദന കഴിപ്പിപ്പാനോ ന്യായപ്രമാണം ആചരിപ്പാനോ അസഹ്യപ്പെടുത്തരുത്"!

**സാന്ത്വനം (15:22-31)**

യാക്കൊബിന്റെ ശുപാർശ "അപ്പൊസ്തലന്മാരും, മൂപ്പന്മാരും, സഭ ഒക്കെയും അംഗീകരിച്ചു" (വാക്യം 22). അങ്ങനെ അവർ അന്ത്യോക്ക്യാ സഭയിലേക്ക് ഒരെഴുത്ത് അയച്ചു.[36] യെരുശലേമിൽ നിന്നു വന്ന അസഹ്യപ്പെടുത്തിയവർ അവരുടെ ഭാരവാഹികൾ *അല്ല* എന്നു എഴുത്തു പറയുന്നു (വാക്യം 24). ജാതികളിൽ നിന്നു ക്രിസ്ത്യാനികളാകുന്നവർ പരിഛേദന ഏല്ക്കുകയോ, ന്യായപ്രമാണം ആചരിക്കയോ ചെയ്യേണ്ട ആവശ്യമില്ല എന്നും എഴുത്തു വ്യക്തമാക്കി (വാക്യങ്ങൾ 28, 29).[37] ആ എഴുത്ത് അന്ത്യോക്ക്യയിലെ സഭയിൽ വായിച്ചപ്പോൾ, ജാതികളിൽ നിന്നു ക്രിസ്ത്യാനികളായവർ "ആശ്വാസ വചനം വായിച്ചു സന്തോഷിച്ചു" (വാക്യം 31) വാതിൽ – അടക്കുന്ന യെഹൂദന്മാർ പരാജയപ്പെട്ടു; ദൈവം ജാതികൾക്ക് തുറന്നു കൊടുത്ത വിശ്വാസ വാതിൽ തുറന്നുതന്നെയിരുന്നു!


### ഇന്നു വാതിൽ - അടക്കുന്നവർ

യെരുശലേം സമ്മേളനത്തിൽ പരിഹരിച്ചകാര്യം എല്ലാകാലത്തേക്കും പരിഹരിക്കപ്പെട്ടില്ല. അധികം നാൾ കഴിയുന്നതിനുമുൻപ് വാതിൽ – അടക്കുന്നവർ (അല്ലെങ്കിൽ അവരുടെ ആത്മിയ ബന്ധുക്കൾ) ദൂരെനിന്നു വിസ്തൃതമായും, ജാതികളോട് പരിഛേദന ഏല്ക്കുവാനും ന്യായപ്രമാണം ആചരിക്കുവാനും പറഞ്ഞുകൊണ്ടിരുന്നു. പൗലൊസിന്റെ പല മുൻലേഖനങ്ങളിലും – പ്രത്യേകിച്ച് ഗലാത്യർക്കും റോമർക്കും ഇത് – ഈ പ്രശ്നത്തെ വിശദമായി കൈകാര്യം ചെയ്യുന്നുണ്ട്. നിർഭാഗ്യവശാൽ, ഈ വാതിൽ – അടക്കുന്നവരുടെ ആത്മീയ സന്തതികൾ വർദ്ധിക്കുകയും ഇന്നും നമ്മോടുകൂടെ ഉണ്ട്.

**ന്യായപ്രമാണം - ആചരിക്കുന്ന വാതിൽ - അടെക്കുന്നവർ**

ഉദാഹരണമായി, ഇന്നും പഴയനിയമം മുഴുവനോ, അല്ലെങ്കൽ ഭാഗികമായോ ക്രിസ്ത്യാനികൾ അനുസരിക്കണമെന്നു പഠിപ്പിക്കുന്നവർ ഉണ്ട്. മതപരമായ ഒരു സംഘം. പഴയനിയമത്തിൽ നിന്നു, വിശുദ്ധ സ്ഥലം, വേറിട്ട പൗരോഹിത്യം, ധൂപവർഗ്ഗം, മെഴുകുതിരി കത്തിക്കൽ എന്ന വാക്ക് ആധികാരികത കണ്ടെത്തുന്നു. വേറൊരു കൂട്ടം പുറപ്പാട് 20 ലേക്കു പോയി ക്രിസ്ത്യാനികൾ ആരാധിക്കേണ്ട പ്രത്യേക ദിവസം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ അല്ല ഏഴാം ദിവസം ആണെന്നു പഠിപ്പിക്കുന്നു. പഴയനിയമ അടിസ്താനത്തിലാണ് അനേക മതസംഘടനകൾ ഉപകരണസംഗീതം, ക്വയർ തുടങ്ങിയവ സ്വീകരിക്കുന്നത്. ഒന്നിലധികം ഭാര്യമാരുള്ളവർ ന്യായീകരണത്തിനു ന്യായപ്രമാണത്തെ എടുക്കുന്നവർ ചിലരുണ്ട്.

പ്രവൃത്തികൾ 15 ലെ യെഹൂദ ഉപദേഷ്ടാക്കളും ഇന്നത്തെ – ന്യായ പ്രമാണം – ആചരിക്കുന്നവരും എങ്ങനെയാണ് ഈ അടിസ്ഥാനതെറ്റി ലേക്കു നീങ്ങിയതെന്നു മനസിലാക്കാൻ നമ്മിൽ ചിലർക്കു പ്രയാസം നേരിടുന്നുണ്ട്. നമ്മിൽ ചിലർ ബാല്യത്തിൽ തന്നെ പഴയ നിയമം ക്രൂശിൽ തറച്ചു നീക്കം ചെയ്തതിന്റെ ചിത്രം കണ്ടിട്ടുണ്ട് (കൊലൊസ്യർ 2:14, 16) അതുപോലെ യേശുവിന്റെ പുതിയ നിയമം അവന്റെ മരണ ശേഷം നിലവിൽവരുകയും ചെയ്തു (എബ്രായർ 9:16, 17). മനസിലാ ക്കാൻ എളുപ്പം എന്താണ്?




പ്രവൃത്തികൾ 15–ാം അദ്ധ്യായത്തിലെ യെഹൂദ ഉപദേഷ്ടാക്കളെക്കു റിച്ചു ചിന്തിക്കുമ്പോൾ, ഗലാത്യലേഖനവും റോമാ ലേഖനവും എഴുത പ്പെട്ടിരുന്നില്ല എന്നു നാം ഓർക്കണം – യെഹൂദക്രിസ്ത്യാനികൾ ന്യായ പ്രമാണത്തിന്റെ സ്ഥിതിയെക്കുറിച്ചു മനസിലാക്കുന്നതിൽ അവർ ഒരു അവസ്ഥാന്തരത്തിലൂടെ കടന്നുപോവുകയായിരുന്നു. മറിച്ച്, ഇന്നു ന്യായ പ്രമാണത്തെ – മുറുകെ പിടിക്കുന്നവർ ചെയ്യേണ്ടത്, അവർ പൗലൊ സിന്റെ ലേഖനങ്ങൾ ശ്രദ്ധിച്ചു വായിക്കണം. ഗലാത്യർക്കുള്ള അവന്റെ ലേഖനത്തിൽ, പൗലൊസ് ഊന്നിപറഞ്ഞത്, ന്യായപ്രമാണം അതിന്റെ ഉദ്ദേശം നിറവേറ്റി അതുകൊണ്ട് അതിന് ഇന്ന് ആധികാരികതയില്ല (ഗലാ ത്യർ 3:16, 19, 24, 25). റോമർക്ക് ലേഖനം എഴുതിയപ്പോൾ (എംഫസിസ് മൈൻ), എഫെസ്യർക്കു ലേഖനം എഴുതിയപ്പോൾ, അവൻ ലളിതമായി പറഞ്ഞു, "*കൃപയാൽ* നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു" (എഫെസ്യർ 2:8; KJV; എംഫസിസ് മൈൻ).

**പാരമ്പര്യത്തെ - മുറുകെ പിടിച്ചു വാതിൽ - അടക്കുന്നവർ**

നമ്മുടെ ആത്മിയ സ്വാതന്ത്ര്യത്തെ കൊട്ടി അടക്കുന്നവർ ന്യായപ്ര മാണത്തെ മുറുകെ പിടിക്കുന്ന പുരുഷന്മാർ മാത്രമല്ല. പ്രവൃത്തികൾ 15–ൽ പറഞ്ഞിരിക്കുന്ന പരീശന്മാർ, തിരുവചനത്തോടൊപ്പം മനുഷ്യനിർമ്മിത മായ പാരമ്പര്യങ്ങൾ കൂടെ പ്രാബല്യത്തിൽ വേണമെന്നു ശഠിക്കുന്നവ രായിരുന്നു. പരീശന്മാരുടെ ഉപദേശങ്ങളെക്കുറിച്ചു യേശു പറഞ്ഞു, "അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെക്കുന്നു, ഒരു വിരൽ കൊണ്ടു പോലും അവയെ തൊടുവാൻ അവർക്കു മനസില്ല ..." (മത്തായി 23:4).

പാരമ്പര്യം അതിൽ തന്നെ മോശമാക്കണമെന്നില്ല. നമ്മിൽ അനേകം പേർക്ക് കുടുംബപാരമ്പര്യം കുടുബപേരുകൾ നല്കുന്നുണ്ട്. കർത്താ

വിന്റെ സഭയിൽ രീതികൾ ഏല്ക്കുന്നത് തിരുവെഴുത്തുകൾക്ക് എതിരല്ലാത്ത ആരാധനരീതികളും പ്രവർത്തന രീതികളും പാരമ്പര്യത്തിൽ നിന്നെടുത്താൽ തെറ്റില്ല. എങ്ങനെയായാലും, നമ്മുടെ പാരമ്പര്യത്തെ തിരുവചനത്തോട് തുല്യമാക്കി മറ്റുള്ളവരിൽ നമ്മുടെ പാരമ്പര്യം നാം അടിച്ചേല്പിക്കുവാൻ ശ്രമിച്ചാൽ നാം യേശുവിന്റെ വാക്കുകളാൽ ശിക്ഷക്കു വിധിക്കപ്പെടും – മത്തായി 15:9: "മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതു കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു."[38]

മതപരമായ ലോകത്തിൽ ഇന്നു മുഴുവൻ മനുഷ്യരാലുള്ള പ്രമാണങ്ങളാണ് ഉള്ളത് ഓരോന്നും സമൂഹത്തിലെ ഓരോഭാഗത്ത് പ്രബല്യത്തിലിരിക്കുന്നു. ചിലർക്ക് ഇഷ്ടപ്പെടുന്നുണ്ട്. എന്നു ചിന്തിക്കണം, എന്തു പ്രവർത്തിക്കണം എന്നു മറ്റുള്ളവർ പറയുവാൻ അനുവദിക്കുന്നതു സംരക്ഷിതമാണെന്ന് അവർ വിചാരിക്കുന്നു. ഇങ്ങനെ പറഞ്ഞു കേട്ടിട്ടുണ്ട്, "അടിമത്വത്തിലും ഒരുതരം സംരക്ഷണമുണ്ട്."[39] എങ്ങനെയായാലും, നാം ആരും ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിനു പകരം മനുഷ്യ നിർമ്മിത ഉപദേശത്തിന്റെ ചങ്ങലയിൽ ബന്ധിക്കാൻ അനുവദിക്കരുത് എന്നു പ്രാർത്ഥിക്കുന്നു. പൗലൊസ് എഴുതി, "സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വാതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നില്പിൻ, അടിമത്വത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്" (ഗലാത്യർ 5:1).

ലോകത്തിൽ സുവിശേഷവാതിൽ തുറക്കുന്ന പ്രദേശത്ത് പ്രത്യേക മുന്നറിയിപ്പ് വചനം കൊടുക്കേണ്ടിയിരിക്കുന്നു (20:28–31 വരെ നോക്കുക). എന്റെ ദൗത്യമേഖലയിലെ അനുഭവം പഠിപ്പിച്ചത്. എവിടെയെങ്കിലും കർത്താവിന്റെ സഭ ആരംഭിച്ച് അതു വളരുമ്പോൾ, അധികം താമസിക്കാതെ "ഉറ്റു നോക്കുന്ന[വർ] ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്താൽ [പുതിയ ക്രിസ്ത്യാനികളുടെ] കടന്നുവരും. [അവരെ] അടിമകളാക്കുവാനാണ് വരുന്നത്" (ഗലാത്യർ 2:4). പ്രവൃത്തികൾ 15–ൽ അന്ത്യോക്ക്യയിൽ വന്നവർ വിശ്വാസ്യത നേടിയത് അവർ യെരുശലേമിൽ നിന്നു വന്നവരായതുകൊണ്ടാണ്. ഇന്ന്, ഏതെങ്കിലും ഉപദേഷ്ടാവ് അമേരിക്കയിൽ നിന്നു വന്നു എന്നു കേൾക്കുമ്പോൾ അയാൾ ഉപദേശത്തിൽ ശക്തനായിരിക്കും എന്നു വിചാരിക്കും (2 തിമൊഥെയൊസ് 4:3). നിർഭാഗ്യവശാൽ എപ്പോഴും അത് അങ്ങനെ ആയിരിക്കയില്ല. ദൈവത്തിൽ നിന്നു ആരംഭിക്കാതെ മനുഷ്യരിൽ നിന്നു ആരംഭിച്ച സഭാനിയമങ്ങളും നിയമാവലികളും കൊണ്ടുവന്നാൽ സൂക്ഷിക്കണം[40] ക്രിസ്തീയ അനുഭവത്തിൽ പല മേഖലകളിലും, നമ്മുടെ നല്ല വിവേചനം[41] സ്വതന്ത്രമായി ബൈബിൾ ഉപദേശത്തെ അടിസ്ഥാനമായി ലംഘിക്കാതെ ഉപയോഗിക്കാം. ഈ സ്വാതന്ത്ര്യ വാതിൽ അടക്കാൻ ആരെയും അനുവദിക്കരുത്!

**പ്രവൃത്തികളുമായി - ബന്ധപ്പെട്ട് വാതിൽ - അടക്കുന്നവർ**

ഒരു തരത്തിൽ കൂടെ വാതിൽ – അടക്കുന്നവരെ പറയാതെ നമുക്ക് ഇത് അവസാനിപ്പിക്കാൻ സാധ്യമല്ല: പ്രവൃത്തികളാൽ – രക്ഷ എന്ന വാതിൽ – അടെപ്പു; മറ്റെല്ലാ വാതിൽ അടെപ്പുകാരെക്കാളും വളരെ നിഗൂഢമായ വാതിൽ അടെപ്പാണിത്, മുൻപു പറഞ്ഞതിൽ നിന്ന് വ്യത്യസ്ത

മായി, (1) നാം പഴയനിയമത്തിൽ കീഴിലല്ല, പുതിയ നിയമത്തിൻ കീഴി ലാണെന്നു പറയും; (2) മനുഷ്യരുടെ ഉപദേശങ്ങളെ കല്പനകളായി അവർ എടുത്തു; (3) പുതിയ നിയമത്തിലുണ്ടെന്നപോലെ ദൈവകല്പന പഠിപ്പിക്കും, അതിനോട് കൂട്ടുവാനോ, കുറക്കുവാനോ പാടില്ല എന്നു പറയും. ഇതെല്ലാം നാം അഭനന്ദിക്ക തന്നെ ചെയ്യും - പിന്നെ എവിടെ യാണ് ആക്ഷേപം. ഇവർ ദൈവകൃപയെ ഒഴിച്ച് നിർത്തി മനുഷ കല്പന അനുസരിക്കുന്നതിന് ഊന്നൽകൊടുക്കും. പഴയനിയമ കല്പനകൾക്കു വേണ്ടി ഇവർ പുതിയനിയമകൽപനകൾ എടുക്കും. പുതിയ നിയമത്തിലെ കൽപനകളെല്ലാം തികച്ചും അനുസരിക്കണം രക്ഷ പ്രാപിക്കുവാൻ എന്നും പറയും.

അനേക കാരണങ്ങൾകൊണ്ട് ഇതു തെറ്റാണ്. ആദ്യത്തേതും ഏറ്റവും ഉയർന്നതും, ആയകാര്യം ബൈബിൾ അങ്ങനെ പഠിപ്പിക്കുന്നില്ല എന്ന താണ്. പ്രവൃത്തികൾ 15-ൽ, പത്രൊസ് ഊന്നിപ്പറഞ്ഞു, "കർത്താവായ യേശുവിന്റെ കൃപയാൽ നാം രക്ഷിക്കപ്പെടുന്നു" (വാക്യം 11). ഇതിൽ "ജാതികൾ ന്യായപ്രമാണം ആചരിച്ചാൽ രക്ഷപ്രാപിക്കയില്ല എന്നതും ഉൾപ്പെട്ടിരിക്കുന്നു." പൊതുവിൽ ന്യായപ്രമാണം - ആചരിച്ചാൽ ആരും രക്ഷിക്കപ്പെടുകയില്ല എന്നതും അടങ്ങിയിരിക്കുന്നു. ഈ സത്യം പൗലൊസ് എഫെസ്യർ 2:8, 9-ൽ ഊന്നിപറഞ്ഞിരിക്കുന്നു: "കൃപയാ ലല്ലൊ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു; ആരും പ്രശം സിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല". ഇതിൽ ദൈവത്തെ അനു സരിക്കേണ്ട ആവശ്യകത മാറ്റി നിർത്തുന്നില്ല (മത്തായി 7:21-23; എബ്രാ യർ 5:8, 9), എന്നാൽ ആർക്കെങ്കിലും രക്ഷ നേടിയെടുക്കാമെന്ന ചിന്ത മാറ്റി നിർത്താം. നാം എന്തൊക്കെ *ചെയ്താലും* നമുക്കു നമ്മുടെ കട ത്തിനു മുന്നിൽ ദൈവത്തെ വെക്കാൻ സാദ്ധ്യമല്ല (ലൂക്കൊസ് 17:10). "രക്ഷ എന്നതു പ്രായശ്ചിത്തക്കാര്യമാണ്, അല്ലാതെ നേടിയെടുക്കാവു ന്നതല്ല."

പ്രവൃത്തികളാൽ - ഉള്ള രക്ഷതെറ്റാണെന്നു പത്രൊസ് പറയാൻ കാരണം "അതു പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ കഴിഞ്ഞിട്ടി ല്ലാത്തത് ശിഷ്യന്മാരുടെ കഴുത്തിൽ വെക്കുകയാവും" (പ്രവൃത്തികൾ 15:10). ന്യായപ്രമാണം പൂർണ്ണമായും ആചരിക്കാൻ സാദ്ധ്യമല്ല എന്നു ആത്മാർത്ഥതയുള്ള ഏതൊരു യിസ്രായേലിനും സമ്മതിക്കും, അതു പോലെ ക്രിസ്തുവിന്റെ കല്പനകൾ എല്ലാം പൂർണ്ണമായി അനുസരി ക്കാൻ സദ്ധ്യമല്ലെന്ന് ആത്മാർത്ഥതയുള്ള ഏതൊരു ക്രിസ്ത്യാനിയും സമ്മതിക്കും.[42] നാം എത്ര നന്നായി ശ്രമിച്ചാലും എല്ലായിപ്പോഴും പരാജയപ്പെടും (റോമർ 3:23; 7:15). ദൈവത്തിന്റെ ഓരോ കല്പനയും പൂർണ്ണമായി നാം അനുസരിച്ചില്ലെങ്കിൽ, നാം രക്ഷിക്കപ്പെടുകയില്ല എന്നു നാം വിശ്വാസിച്ചാൽ, ഏറ്റവും നന്നായി നാം നിരുത്സാഹപ്പെടും നാം നശിക്കുകയും ചെയ്യും. ഈ ഉപദേശം "എങ്ങനെ ആർ ഇതിൽ നിന്നു വിടുവിക്കും! എന്നു പറയും ... ?" (റോമർ 7:24). ദൈവം നമ്മുടെ ജീവി തത്തിൽ കാണുവാൻ ആഗ്രഹിക്കുന്നത് പൂർണ്ണമായല്ല, മറിച്ച് നമ്മുടെ ഹൃദയങ്ങളാൽ വിശ്വാസമാണ് എന്നത്രേ പത്രൊസിന്റെ പ്രസംഗത്തി

ലുള്ളത് എന്നു നാം തിരിച്ചറിയണം (പ്രവൃത്തികൾ 15:8, 9)!

എല്ലാറ്റിനും ഉപരിയായി ദൈവം കാണുവാൻ ആഗ്രഹിക്കുന്ന വിശ്വാസം ദൈവേഷ്ടം ചെയ്യലാണ് (ഗലാത്യർ 5:6; റോമർ 1:5; യാക്കൊബ് 2:26). ഒരു വ്യക്തി ന്യായീകരിക്കുന്നതു, "എനിക്കു സ്വയമായി രക്ഷപ്പെടാൻ കഴിയുകയില്ല; ദൈവകൃപയാൽ ഞാൻ രക്ഷിക്കപ്പെടുന്നു; അതുകൊണ്ട്, ദൈവത്തെ അനുസരിക്കേണ്ട ആവശ്യമില്ല," ഇതിൽ രക്ഷിക്കുന്ന വിശ്വാസകുറവാണുള്ളത്; അവന്റെ ഹൃദയം ദൈവമുൻപാകെ ശരിയല്ല. കൃപയാലുള്ള രക്ഷ അനുസരണത്തിന്റെ ആവശ്യം നീക്കികളയുന്നില്ല; എന്നാൽ അതു നാം അസാദ്ധ്യമെന്ന് കരുതി ഭയപ്പെടുന്ന അടിമത്വത്തിൽ നിന്നു നമ്മെ സ്വതന്ത്രമാക്കുകയാണ്, പാപരഹിത ജീവിതം, എന്നു പറയാം.

ആരെങ്കിലും ഞാൻ രക്ഷിക്കപ്പെടുവാൻ തികച്ചും പൂർണ്ണമായി ജീവിക്കണം എന്നു പറഞ്ഞാൽ അതു എനിക്കെതിരെ രക്ഷയുടെ വാതിൽ കൊട്ടി അടക്കുകയാണ്; ഞാൻ എത്ര ശ്രമിച്ചാലും ഞാൻ ഒരു പാപി തന്നെയെങ്കിലും, ദൈവം നമ്മെ പ്രവൃത്തികളാൽ – രക്ഷിക്കുമെന്ന് പറയുന്ന വാതിൽ – അടക്കുന്നവരിൽ നിന്നു രക്ഷിച്ചിരിക്കയാൽ നമുക്ക് ദൈവത്തിനു നന്ദി പറയാം!

**ഉപസംഹാരം**

നമ്മുടെ അടുത്ത രണ്ടു പാഠങ്ങളിൽ, സഹോദരങ്ങളുമായി വിയോജിപ്പുണ്ടാകുമ്പോൾ ചിലപ്പോൾ നാം എതിർവാദം നടത്തേണ്ടതും, ചിലപ്പോൾ സമ്മതിച്ചുകൊടുക്കേണ്ടതും ആണെന്ന് ഊന്നൽ കൊടുക്കേണ്ടതാണ് ക്രിസ്തുവിലുള്ള നമ്മുടെ സ്വാതന്ത്ര്യം ആരെങ്കിലും എടുത്തുകളയാൻ ആഗ്രഹിച്ചാൽ, ആ അവസരത്തിലാണ് നാം സത്യത്തിനായി എതിർവാദം നടത്തേണ്ടത്. ദുരുപദേഷ്ടാക്കൾ അന്ത്യോക്കയിൽ നിന്ന് ജാതികൾക്കു ദൈവം തുറന്ന വാതിൽ അടെക്കാൻ ശ്രമിച്ചപ്പോൾ, "പൗലൊസിന്നും ബർന്നബാസിന്നും അവരോട് അല്പമല്ലാത്ത വാദവും തർക്കവും ഉണ്ടായി" (15:2). പൗലൊസ് പറഞ്ഞു, "സുവിശേഷത്തിന്റെ സത്യം നിങ്ങളോടുകൂടെ നിലനില്ക്കേണ്ടതിന്നു ഞങ്ങൾ അവർക്കു ഒരു നാഴികപോലും വഴികൊടുത്തില്ല" (ഗലാത്യർ 2:5).

1863 ജനുവരി 1–ാം തീയ്യതി ഉച്ചക്ക് അബ്രഹാം ലിങ്കന്റെ സ്റ്റെയിറ്റ് സെക്രട്ടറി ആയിരുന്ന വില്ല്യം ഹെൻറി സേവാർഡ്, അടിമത്വവിമോചന വിളംബരത്തിൽ ഒപ്പുവെക്കാൻ അബ്രഹാം ലിങ്കന്റെ അടുത്തുകൊണ്ടു വന്നു.[43] ലിങ്കൺ രണ്ടു പ്രാവശ്യം പേന എടുത്തു, ഓരോ പ്രാവശ്യവും എടുത്തിട്ട് വീണ്ടും താഴെ വെച്ചു. അദ്ദേഹം സേവാർഡിനോട് പറഞ്ഞു, "രാവിലെ 9.00 മണിമുതൽ എന്റെ കൈവിറച്ചു കൊണ്ടിരിക്കയാണ്. എന്റെ വലതുകൈ ഏതാണ്ട് തളർന്നു പോയമട്ടാണ് എന്റെ പേർ ചരിത്രത്തിൽ താഴ്ന്നു പോകയാണെങ്കിൽ, അതു ഈ രേഖ കൊണ്ടായിരി ക്കും. എന്റെ കൈ വിറക്കുന്നതുകൊണ്ട് ഇപ്പോൾ ഞാൻ ഒപ്പിട്ടാൽ, പിന്നീട് അവർ ഈ പേപ്പർ എടുക്കുമ്പോൾ പറയും, 'ലിങ്കൺ മടിച്ചിരുന്നു; അയാളുടെ ഹൃദയം അതിൽ ഇല്ലായിരുന്നു.' എനിക്ക് ധൈര്യമായി ഒപ്പിടാൻ കഴിയുന്നതുവരെ ഞാൻ ഒപ്പിടുകയില്ല." ഒടുവിൽ അദ്ദേഹത്തിന്റെ കൈ ഉറ

ച്ചപ്പോൾ, പേന എടുത്ത് ഉറപ്പോടെ രേഖയിൽ ശ്രദ്ധയോടു കൂടി ഒപ്പിട്ട് പറഞ്ഞു ഈ പ്രദേശത്ത് എല്ലാവരും സ്വതന്ത്രരായിരിക്കുന്നു.[44]

പ്രവൃത്തികൾ 15 ലെ സമ്മേളനം നാം പരിശോധിച്ചാൽ, പത്രൊസ്, പൗലൊസ്, ബർന്നബാസ്, യാക്കൊബ് ക്രിസ്തുവിൽ മനുഷ്യരെല്ലാവരും സ്വതന്ത്രരാണെന്നു പ്രഖ്യാപിച്ചു. മനുഷ്യർ നമ്മുടെ ജീവിതം പരിശോധിക്കുമ്പോൾ, അതേ ധൈര്യത്തോടെ ആത്മീയ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നവരായി നമ്മെ കാണണം![45]

## പ്രസംഗക്കുറിപ്പുകൾ

മൂന്നു "ഡി" കളുമായി വാരെൻ വിയേഴ്സ് ബേ പ്രവൃത്തികൾ 15:1–35 ന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്: (1) വാദം (വാക്യങ്ങൾ 1–5), (2) പ്രതിരോധം (വാക്യങ്ങൾ 6–18), തീരുമാനവും (വാക്യങ്ങൾ 19–35). രണ്ടാമത്തെ ഭാഗത്ത്, പത്രൊസ് ഭൂതകാലം പുനരാവർത്തിക്കുന്നതായി അദ്ദേഹം ശ്രമിച്ചു (വാക്യങ്ങൾ 6–11), പൗലൊസും ബർന്നബാസും വർത്തമാനകാല വിവരണമാണ് നൽകിയത് (വാക്യം 12), യാക്കൊബ് ഭാവിയെയുമാണ് പറയുന്നത് (വാക്യങ്ങൾ 13–18).

തിത്തൊസിനെക്കുറിച്ചും രസകരമായ ഒരു അനുബന്ധ പ്രസംഗം, "ലൂക്കൊസ് പറയാൻ വിട്ടുപോയ മനുഷ്യൻ" എന്ന് നടത്താം. തിത്തൊസിന്റെ ശുശ്രൂഷയുടെ വിശദാംശങ്ങൾക്കു കുറിപ്പുകൾ നോക്കുക. പൗലൊസ് തിത്തൊസിന് എഴുതിയ ലേഖനത്തിൽ നിന്നു നിങ്ങൾക്കു ആവശ്യമുള്ള കാര്യങ്ങൾ ലഭിക്കും.

കുറിപ്പുകൾ

[1]ഹംബ് റോഡിനുകുറുകെ ഏതാനും ഇഞ്ച് ഉയർത്തി പണിയുന്നത്. [2]ഇവിടെ പറഞ്ഞിരിക്കുന്ന സംഭവത്തിനു പകരം തടസ്സങ്ങളുണ്ടാകുന്ന മറ്റെന്തെങ്കിലും സംഭവം ചേർക്കാവുന്നതാണ്. [3]ചില യെഹൂദന്മാർ വിശ്വസിച്ചു (14:1), എന്നാൽ ഇടവക ജാതികളുടെ ആധിപത്യത്തിലായിരുന്നു. [4]പൗലൊസും ബർന്നബാസും സഞ്ചരിച്ച മറ്റുസ്ഥലങ്ങളിൽ ഇടവകകൾ സ്ഥാപിച്ചോ എന്ന്, നമ്മോടു പറഞ്ഞിട്ടില്ല. [5]"അടെക്കുക" എന്നതിന്റെ പ്രാഥമിക അർത്ഥം (ഒരു ക്രിയയായി ഉപയോഗിക്കുമ്പോൾ) "ഉറക്കെ ശക്തമായി അടെക്കുക" എന്നാണ്. ആ വാക്ക് ഈ പാഠത്തിൽ ഞാൻ ഉപയോഗിക്കാൻ കാരണം ആ വാക്ക് "ഷട്ട്" എന്നോ "ക്ലോസ്" എന്നോ ഉപയോഗിക്കുന്നതിനേക്കാൾ ശക്തമാണ്. അല്ലെങ്കിൽ നല്ല രീതിയിൽ വായനക്കാർ മനസിലാക്കുന്ന വേറെ വാക്ക് പകരം ഉപയോഗിക്കാം. [6]യാഥാസ്ഥിതിക പണ്ഡിതന്മാർ വിശ്വസിക്കുന്നതു രണ്ടു വിവരണങ്ങളും ഒന്നാണെന്നാണ്. എന്നാൽ ചിലർ ഇവരിൽ തന്നെ വിശ്വസിക്കുന്നതു പൗലൊസ് യെഹൂദ്യയിലെ ക്രിസ്ത്യാനികളുടെ മുട്ടുതീർക്കുവാൻ യെരുശലേമിൽ ധർമ്മോപകാരം കൊണ്ടുപോയതാണ് എന്നത്രേ (11:30; 12:25). ഉദാഹരണത്തിന്, ജെ. ഡബ്ലിയു റോമെർട്ട് എന്റെ ക്ലാസിൽ പ്രവൃത്തികൾ പഠിപ്പിച്ചപ്പോൾ,അദ്ദേഹം പറഞ്ഞത്, ഗലാത്യർ 2 ഉം പ്രവൃത്തികൾ 15 ഉം ഒരേ സംഭവമാണ് പറയുന്നത് എന്ന്; പിന്നീട് അദ്ദേഹം പ്രവൃത്തികളെകുറിച്ചു രണ്ട് പഠന പുസ്തകങ്ങൾ എഴുതിയപ്പോൾ പറഞ്ഞത് ഗലാത്യർ

2:1-10-ൽ പറയുന്നതു പൗലൊസിന്റെ മുമ്പിലത്തെ യെരുശലേം സന്ദർശനം എന്നാണ്. [7]എഫ്.ഡബ്ലിയു.ഫരാർ, *ദി ലൈഫ് ആന്റ് വർക്ക് ഓഫ് സെന്റ് പോൾ*, വാല്യം 1 (ലണ്ടൻ: കാസെൽ, പെറ്റെർ, ഗാൾഫിൻ ആന്റ് കമ്പനി, 1879), 406 ᥣ ഉദ്ധരണിക്കയുണ്ടായി ജെ.ഡബ്ളിയൂ.മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി, n.d.), 57. [8]പ്രവൃത്തികൾ 15-ൽ, പറയുന്നത് പൗലൊസിന്റെ മൂന്നാമത്തെ യെരുശലേം സന്ദർശനമാണെന്നും ഗലാത്യർ 2 ലേത് രണ്ടാം സന്ദർശനം രണ്ടാമത്തേത് എന്നു പൗലൊസ് പറഞ്ഞിട്ടില്ല. എന്നാൽ അവൻ പറഞ്ഞു, "പതിനാലു ആണ്ടു കഴിഞ്ഞിട്ടു [ഗലാത്യ സന്ദർശനം കഴിഞ്ഞ്] തിത്തൊസിനെയും കൂട്ടികൊണ്ടു വീണ്ടും യെരുശലേമിലേക്കു പോയി" (എംഫസിസ്മൈൻ). "വീണ്ടും" എന്ന വാക്ക് അവൻ പിന്നെയും യെരുശലേമിൽ പോയി എന്ന സാദ്ധ്യതയെ ഉറപ്പിക്കുന്നു (അതു പറഞ്ഞിരിക്കുന്നത് 12:25-ൽ). ആ സമയത്ത് മറ്റു അപ്പൊസതലന്മാരെ കാണാൻ അവസരം കിട്ടിയിരിക്കയില്ല (അവർ ഒരു പക്ഷേ തടവിലോ അല്ലെങ്കിൽ ഒളിവിലോ ആയിരുന്നേക്കാം). [9]ഗലാത്യർ 2-ാം അദ്ധ്യായത്തെ ഞാൻ വിശദമാക്കുന്നില്ല. *ട്രൂത്ത് ഫോർ ടുഡെയുടെ* മറ്റു ലക്കങ്ങൾ ഗലാത്യ ലേഖനത്തെ വിശദീകരിക്കും. [10]യെഹൂദമത ഉപദേഷ്ടാക്കൾ എന്തിനാണ് അന്ത്യോക്ക്യയിൽ വന്നതു എന്നു കാണിക്കുവൻ യോജിച്ച വാക്കുകളാണ് "എവിഡെന്റ്‌ലി" എന്ന വാക്ക് ഞാൻ ഉപയോഗിച്ചെത്.

[11]കൊർന്നെല്യോസ് ദൈവ - ഭയം ഉള്ളവനായിരുന്നു, അന്ത്യോക്ക്യയിലെ ജാതികൾ യെഹൂദസ്വാധീനത്തിലായിരുന്നു (11:19-21; 13:1), എന്നാൽ പൗലൊസിന്റെപരിവർത്തകർ അങ്ങനെയായിരുന്നില്ല. ആരംഭ പ്രവർത്തനം മുതൽ ഇതു ചില യെഹൂദക്രിസ്ത്യാനികളെ ഭയപ്പെടുത്തി (ചില ജാതികളായ ക്രിസ്ത്യാനികളുടെ അഭക്തിയും അവരെ ഭയപ്പെടുത്തിയിരിക്കാം - ഉദാഹരണത്തിന് കൊരിന്ത്യാസഭ - യെഹൂദ ക്രിസ്ത്യാനികൾക്കും ഭയമുള്ളവായിരിക്കാം). [12]അമേരിക്കയിലും ഒരുപക്ഷേ മറ്റുരാജ്യങ്ങളിലും, "ആത്മീയമായി ഛേദിക്കപ്പെട്ട ഭവനം" എന്ന പദപ്രയോഗം പുഞ്ചിരിയോടെ എടുത്തു കാണിക്കുന്നു. [13]1-ാം വാക്യത്തോട് വെസ്റ്റേൺ ടെക്സ്റ്റ് കൂട്ടിച്ചേർക്കുന്നത്, പരീശസംഘത്തിൽ നിന്നു, വിശ്വസിച്ചവർ എന്നാണ്. [14]പരിവർത്തനത്തിനു മുമ്പ് പൗലൊസ് ഒരു പരീശനായിരുന്നു എന്നു നമ്മുടെ പാഠങ്ങളിൽ, നാം കണ്ടു, എന്നാൽ ലൂക്കൊസ് 23:6 വരെ അതു വാസ്തവത്തിൽ വിശദമാക്കുന്നില്ല. [15]മെക്ഗാർവേ. [16]പ്രവൃത്തികൾ 1-ാം ലക്കത്തിലെ ശബ്ദ സംഗ്രഹത്തിൽ "പരീശന്മാർ" എന്നതു നോക്കുക. [17]മിക്കവ്യാഖ്യാതാക്കളും യെരുശലേമിലെ സഭയെ "മാതൃ സഭ" എന്നു വിളിക്കാനാണ് ഇഷ്ടപ്പെട്ടത് ദൈവം സഭ സ്ഥാപിച്ചപ്പോൾ ഒരിടവകക്ക് മറ്റു ഇടവകകളിൽ കർത്തുത്വം നടത്തുവാനുള്ള അധികാരം കൊടുത്തുകൊണ്ടാണ് എന്നു കരുതുന്നത്. അപ്പൊസ്തലന്മാർക്ക് എല്ലാ ഇടവകകളും പ്രാഥമികമായി ഒരു ബന്ധമുണ്ടായിരുന്നു. സഭയ്ക്കു കൊടുക്കേണ്ട വെളിപ്പാട് കൊടുക്കേണ്ടിതിനായിരുന്നു അതു - ആ നേട്ടം പിൻതലമുറയിലേക്കു പകർന്നു കൊടുത്തിട്ടില്ല - എന്നാൽ യെരുശലേം സഭയ്ക്കു മറ്റു ഇടവകകൾമേൽ യാതൊരധികാരവും ഇല്ലായിരുന്നു. ഓരോ ഇടവകയും "ആട്ടോണമസ്" (സ്വയം ഭരണാവകാശത്തിലായിരുന്നു.) (യെരുശലേം "മാതൃ സഭ" എന്നതിനെക്കുറച്ചു ഗലാത്യർ 4:26 ശ്രദ്ധിക്കുക. "മുകളിലെ യെരുശലേം ആണ് [അതായത്, സ്വർഗ്ഗമാണ്; ഭൂമിയിലെ യെരുശലേം അല്ല]" നമ്മുടെ ആത്മീയ അമ്മ). [18]ജാതിയിൽ പെട്ട ഒരാൾ യെഹൂദമതാനുസാരിയാകുന്നതിന്റെ മുഖ്യ പ്രവൃത്തിയായിരുന്നു ആ പുരുഷന്റെ അഗ്രചർമ്മം ഛേദിക്കുക എന്നത്, അതാണ് പരിഛേദന (പ്രവൃത്തികൾ 1-ാം ലക്കത്തിലെ ശബ്ദസംഗ്രഹത്തിലെ "പരിഛേദന" എന്ന വാക്ക് നോക്കുക.) [19]പ്രവൃത്തികൾ 15 ലെ "ന്യായപ്രമാണം" സൂചിപ്പിക്കുന്നതു മോശെയുടെ ന്യായപ്രമാണമാണ് (വാക്യം 5). ഈ പാഠത്തിൽ ഞാൻ പൊതുവിൽ ഈ രണ്ടു വാക്കുകളും ഉപയോഗിച്ചിട്ടുണ്ട്. രണ്ടും തിരിച്ചറിയുവാൻ മോശെയുടെ "ന്യായപ്രമാണത്തിനു" ന്യായപ്രമാണമെന്നും അല്ലാതെയും പറഞ്ഞിട്ടുണ്ട്. [20]5-ാം വാക്യത്തിലെ "അത് ആവശ്യമാണ്" എന്നതു (ഡേയി എന്ന വാക്ക് തർജ്ജിമ ചെയ്തതാണ്).

അവർ ഇതു തിരഞ്ഞെടുക്കാവുന്നതല്ല എന്ന നിലയിൽ പരിഗണിക്കുവാൻ ഊന്നൽ കൊടുത്തിരിക്കയാണ് (പ്രവൃത്തികൾ 1:21; റോമർ 13:5; എബ്രായർ 8:3 നോക്കുക).

[21]കുറെ പേർ മുൻപുണ്ടായിരുന്നു; ആ സാഹചര്യം മാറി എന്ന് ഏതെങ്കിലും അതിശയം കൂടാതെ വിശ്വസിക്കുവാൻ പ്രയാസം. [22]ബർന്നബാസിനേക്കാൾ പൗലൊസ് ശക്തമായി വിശ്വസിച്ചിരുന്നു എന്ന് ഗലാത്യർ 2:13 സൂചിപ്പിക്കുന്നു. യെഹൂദ ഉപദേഷ്ടാക്കളെ എതിർക്കുന്നതിൽ പൗലൊസ് നേതൃത്വം പോലും കൊടുത്തിരിക്കാം എന്നാൽ ബർന്നബാസും ദുരുപദേഷ്ടാക്കളെ എതിർത്തിരുന്നു എന്ന് വേദഭാഗം വ്യക്തമാക്കുന്നു ("ഞങ്ങൾ" എന്ന വാക്ക് ഗലാത്യർ 2:5-ൽ ശ്രദ്ധിക്കുക). [23]ഇവർ വാസ്തവത്തിലുള്ള ക്രിസ്ത്യാനികൾ ആയിരുന്നില്ല എന്ന് പൗലൊസ് പരോക്ഷമായി സൂചിപ്പിച്ചു - പുറത്തു നിന്നു സഭയെ നശിപ്പിക്കാൻ സാദ്ധ്യമല്ല എന്നതിന്, സഭയിൽ നിന്നു, തന്നെ നശിപ്പിക്കാമെന്ന് കരുതി. ഇതു പ്രവൃത്തികൾ 15:5 മായി യോജിക്കുന്നില്ല എന്ന ബുദ്ധിമുട്ട് ഉണ്ട്, "വിശ്വസിച്ച" പരീശന്മാർ പൗലൊസിനെ എതിരിട്ടു എന്ന് പറഞ്ഞിരിക്കുന്നതിനാൽ അവരുടെ പരിവർത്തനം ശരിയായിരുന്നു എന്നു വ്യക്തം. നമുക്കു എല്ലാ വിശദാംശങ്ങളിലും ഇല്ലാത്തതുകൊണ്ട്, നാം അക്കാര്യം കർത്താവിന്റെ കരങ്ങളിൽ ഏല്പിക്കണം. കാരണം എല്ലാ ഹൃദയങ്ങളെയും അറിയുന്നത് കർത്താവാണല്ലൊ (പ്രവൃത്തികൾ 15:8), അതുകൊണ്ട്, അവർ യഥാർത്ഥ ക്രിസ്ത്യാനികളായോ ഇല്ലയോ എന്ന് കർത്താവ് അറിയുന്നു. [24]പൗലൊസിനേയും അവന്റെ സ്ഥാനത്തെയും പൂർണ്ണമായി അംഗീകരിക്കുന്നു യെരുശലേം സഭയുടെ തീരുമാനം. പ്രശ്നത്തെക്കുറിച്ചുള്ള സത്യം അറിയുവാൻ പൗലൊസ് യെരുശലേമിൽ പോയിരുന്നില്ല. [25]പൗലോസിന്റെ ജീവിതത്തിൽ ഉടനീളം, അവന്റെ അപ്പൊസ്തലത്വത്തിന്റെ അധികാരികതയെ ആക്രമിച്ചിട്ടുണ്ട്, അവനു അതിനെ എതിർക്കേണ്ടതായും വന്നിട്ടുണ്ട് (ഉദാഹരണത്തിന്, 2 കൊരിന്ത്യർ 10-13 നോക്കുക). [26]ദൈവാശ്വാസീയമല്ലാത്ത പാരമ്പര്യത്താൽ, അന്ത്യോക്ക്യ ലൂക്കൊസിന്റെ സ്വദേശമാകയാൽ, ചിലർ ഊഹിക്കുന്നത് തിത്തൊസ് ലൂക്കൊസിന്റെ സഹോദരനാണെന്നാണ്. അതു സത്യമല്ലെങ്കിൽ, ലൂക്കൊസ് എന്തുകൊണ്ട് തിത്തൊസിന്റെ പേർ പറഞ്ഞില്ല (1) പൗലൊസ് ആയിരിക്കാം തിത്തൊസിനെ പരിവർത്തനം ചെയതത്, അവനുമായി അടുത്തായിരുന്നു എന്നു തോന്നുന്നു (തിത്തൊസ് 1:4), (2) മൂന്നാം മിഷണറിയാത്രയിൽ പൗലൊസിന്റെ സഹപ്രവർത്തകനായിരുന്നു തിത്തൊസ് (2 കൊരിന്ത്യർ 2:13; 7:13, 14; 8:6, 16, 23; 12:18), (3) പൗലൊസിന്റെ ആദ്യത്തെ റോമിലെ തടവിനു ശേഷം തിത്തൊസ് കൂടെ പ്രവർത്തിച്ചു (തിത്തൊസ് 1:5), (4) പൗലൊസിന്റെ റോമിലെ രണ്ടാമത്തെ തടവിൽ തിത്തൊസ് കൂടെയുണ്ടായിരുന്നു (2 തിമൊഥെയൊസ് 4:10). [27]പ്രവൃത്തികൾ 2-ാം ലക്കത്തിൽ "മതിൽ പൊളിക്കൽ" എന്ന പാഠത്തിൽ ദൈവം "പത്രൊസിനെ വരുത്തുവാൻ" കൊർന്നെല്യോസിനോട് പറഞ്ഞത് മത്തായി 16:19 ലെ വാഗ്ദാനത്തിന്റെ ഭാഗിക നിറവേറ്റലായിരുന്നു. പ്രത്യേകിച്ചു പ്രവൃത്തികൾ 2-ാം ലക്കത്തിലെ പ്രവൃത്തികൾ 10:5 -8 വരെയുള്ള നോട്ടുകൾ നോക്കുക. [28]പ്രവൃത്തികൾ 2-ാം ലക്കത്തിലെ പ്രവൃത്തികൾ 10:44-48 വരെയുള്ള വിവരണങ്ങൾ നോക്കുക. ഈ പുസ്തകത്തിലെ മുൻപു പറഞ്ഞ 11:15-18 വരെയുള്ള നോട്ടുകളും നോക്കുക. [29]ഈ പ്രസ്താവന പൗലൊസിന്റെ പദപ്രയോഗമായ റോമർ 3:22 ലെ "ഒരു വ്യത്യാസവുമില്ല" എന്നതുമായി താരതമ്യം ചെയ്യുക. [30]പ്രവൃത്തികൾ 1-ാം ലക്കത്തിലെ പ്രവൃത്തികൾ 5:9 ലെ നോട്ടുകൾ നോക്കുക.

[31]കാളയുടെ കഴുത്തിൽ നുകം വെക്കുന്ന ഉദ്ദേശം നല്ലതാണ്: വലിക്കേണ്ട ഭാരം തുല്യമായി ഭാഗിക്കേണ്ടതിന് പത്രൊസ്, എങ്ങനെയായാലും, ന്യായപ്രമാണത്തിന്റെ "നുകം" ഭാരമുള്ളതും, യെഹൂദന്മാരുടെ ഭാരം കൂട്ടിച്ചേർക്കുകയുമാണ്. തന്റെ ഉപദേശം "നുഖമായിട്ട്" യേശു പറയുന്നുണ്ട് (മത്തായി 11:30), എന്നാൽ അവൻ പറഞ്ഞു, തന്റെ നുകം മൃദുവാണ് എന്ന്, അതുകൊണ്ട്, നുകത്തിന്റെ വാസ്തവത്തിലുള്ള ഉദ്ദേശം നിറവേറ്റണം അതിനർത്ഥം അതു സഹിക്കാൻ എളുപ്പമാക്കുക എന്നതാണ്. [32]കുറ്റം ന്യായപ്രമാണത്തിന്റേതായിരുന്നില്ല എന്നു നാം മനസിലാക്കണം, എന്നാൽ അതു പൂർണ്ണമായി പാലിക്കുവാൻ മനുഷ്യനു കഴിയാതെ വന്നു. അതുകൊണ്ടാണ് ദൈവം കൃപാവ്യവസ്ഥ

കൊണ്ടുവന്നത്. യേശുക്രിസ്തുമാത്രമാണ് ന്യായപ്രമാണം പൂർണ്ണമായും അനുസരിച്ച വ്യക്തി. [33]ഈ യാക്കൊബ് യേശുവിന്റെ അർദ്ധം - സഹോദരനാണെന്ന് നീക്കം ചെയ്ത നടപടിയിലൂടെ നമുക്ക് അറിയാം. അറിയപ്പെടുന്ന മറ്റൊരു യാക്കൊബ് യോഹന്നാന്റെ സഹോദരനാണ്, അവന്റെ തല ഛേദിക്കപ്പെട്ടതായി 12-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. [34]ഇതുമായി ബന്ധപ്പെട്ട് "യാക്കൊബിന്റെ അടുക്കൽ നിന്നാണ്" എന്നു അവകാശപ്പെട്ട് ചില കുഴപ്പക്കാർ അന്ത്യോക്ക്യയിൽ വന്നു (ഗലാത്യർ 2:12). അവർ യാക്കൊബിന്റെ അടുക്കൽ നിന്നാണെങ്കിൽ, അവരുടെ ദൗത്യം മറികടന്നവരായിരിക്കും. ഒരു പക്ഷേ അവർ വിശ്വാസ്യതക്കായി യാക്കൊബിന്റെ പേർ എടുത്തുതുമാകാം. എങ്ങനെയായാലും, അവർ യാക്കൊബിന്റെ പേർ എടുത്തതുകൊണ്ട് അവന്റെ സ്ഥാനമായിരുന്നു അവർ എടുത്തിരുന്നത്. [35]ഈ പുസ്തകത്തിലെ "വിവാദത്തെ കൈകാര്യം ചെയ്യുവാൻ കൂടുതൽ സൂചനകൾ" എന്നതിലെ 15:13-21 വരെയുള്ള നോട്ടുകൾ നോക്കുക. [36]ലേഖനം അന്ത്യോക്ക്യക്കു ചുറ്റുമുള്ള പ്രദേശങ്ങളേയും സംബോധന ചെയ്തതായിരുന്നു. [37]ഈ പാഠത്തിലെ "വിവാദത്തെ കൈകാര്യം ചെയ്യുവാൻ കൂടുതൽ സൂചനകൾ'' എന്നതിലെ 28 ഉം 29 ഉം വാക്ക്യങ്ങളുടെ നോട്ടുകൾ നോക്കുക. [38]പാരമ്പര്യത്തിനെതിരായി യേശു നല്കിയ മുന്നറിയിപ്പ് പ്രധാനപ്പെട്ടതാണ്, എന്നാൽ ചിലർ ഈ ഉപദേശത്തിന്റെ ഏറ്റവും അറ്റത്ത് എത്താനുണ്ട്. "മാനുഷിക പാരമ്പര്യങ്ങളെ" സൂചിപ്പിച്ച് ആളുകൾ "ഞങ്ങൾ എല്ലായിപ്പോഴും ചെയ്തു വരുന്നതാണ് എന്നു പറയും." ഇതു പല പരിശീലനങ്ങളിലും വാസ്തവമാണ്, എന്നാൽ എല്ലാറ്റിലും അല്ലതാനും. ക്രിസ്തുവിന്റെ സഭകൾ എല്ലായിപ്പോഴും തിരുവെഴുത്തിൽ ഊന്നി പറഞ്ഞിരിക്കയാണ്, അതിനർത്ഥം, അതുകൊണ്ട്, മാനുഷിക പാരമ്പര്യം നീക്കണം എന്നല്ല. ചില കാര്യങ്ങൾ "എല്ലായ്പ്പോഴും ഒരേ രീതിയിൽ മാത്രം ചെയ്യുന്നത്" മാനുഷിക പാരമ്പര്യമായിട്ടല്ല, അതു ദൈവിക പാരമ്പര്യമായതുകൊണ്ടാണ് (2 തെസ്സലൊനിക്യർ 3:6). പൊതുവായി പരിശീലനത്തിലിരിക്കുന്ന എന്തും എടുക്കുന്നവരെ സൂക്ഷിക്കുക, അവയെ "പാരമ്പര്യത്വം" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഓരോ പരിശീലനവും വ്യക്തി പരമായി പരിശോധിച്ച് അതു ദൈവിക പാരമ്പര്യമോ, മാനുഷിക പാരമ്പര്യമോ എന്നു തീരുമാനിക്കണം. [39]സംഖ്യാപുസ്തകം 11:5 ലെ യിസ്രായേലിന്റെ മനോഭാവം നോക്കുക. [40]ഉദാഹരണത്തിനു, "ആദ്യം ... അന്ത്യോക്ക്യയിൽ" എന്നതിലെ പ്രവൃത്തികൾ 11:29, 30 ന്റെ നോട്ടുകൾ ശ്രദ്ധിക്കുക.

[41]ഉദാഹരണത്തിന്, എന്തുചെയ്യണമെന്ന് ദൈവം പറയുമ്പോൾ, എങ്ങനെയാണെന്ന് പ്രത്യേകമായി പറയാതിരിക്കയും ചെയ്യുമ്പോൾ, ഏറ്റവും നല്ലതെന്നു തോന്നുന്ന രീതി നമുക്ക് ഉപയോഗിക്കട്ടെ. [42]പഴയ നിയമത്തിലേതിൽ നിന്നു ക്രിസ്തു ആവശ്യപ്പെടുന്നത് ചില രീതിയിൽ പ്രയാസമെന്ന് തോന്നാം (മത്തായി 5 ലെ, "എന്നാൽ ഞാനോ നിങ്ങളോട് പറയുന്നു" എന്നതു നോക്കുക). [43]എല്ലാ അടിമകളും സ്വതന്ത്രരായിരിക്കുന്നു എന്ന പ്രഖ്യാപനമാണ് ഈ രേഖയിലുള്ളത്. [44]ഈ ചിത്രീകരണം റിക്ക് ആച്ച്ലേയുടെ, "ദി പെയിസ് ഓഫ് ഗ്രേഡ്" സ്തോൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, അബിലീൻ, ടെക്സാസിൽ 1986 ഏപ്രിൽ 13 ന് പ്രസംഗിച്ചതിൽ നിന്നെടുത്തതാണ്. [45]ഈ പാഠം ഒരു പ്രസംഗമായി നിങ്ങൾ എടുക്കുകയാണെങ്കിൽ, ക്ഷണം നല്കുകയാണെങ്കിൽ, ഇന്ന് ഏറ്റവും വലിയ വാതിൽ - അടക്കുന്നത് പാപമാണ് എന്നു പറയാം. സ്വാതന്ത്ര്യം "ക്രിസ്തുവിൽ" മാത്രം ഉള്ളതുകൊണ്ട്, ഗലാത്യർ 3:26, 27 ഇവിടെ ഉപയോഗിക്കാം - എങ്ങനെ നമുക്കു "ക്രിസ്തുവിൽ" ആകാം എന്നു ദൈവം പറഞ്ഞത് വിശദമാക്കുക.